വിവരങ്ങളും ജനന രജിസ്റ്ററിലെ വിവരങ്ങളും തമ്മിൽ വ്യത്യാസമുണ്ടെന്ന് കണ്ടതിനെത്തുടർന്ന് പരിഹരിക്കാൻ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുകയും തുടർന്ന് 28-1-2011-ന് 168466/10 നമ്പരായി സർട്ടിഫിക്കറ്റ് തയ്യാറാക്കി 29-1-2011-ൽ അപേക്ഷ ഹാജരാക്കിയിരുന്ന മേൽവിലാസമെഴുതിയ കവറിൽ അയച്ചു കൊടുത്തിട്ടുണ്ടെന്ന് തിരുവനന്തപുരം കോർപ്പറേഷൻ ജനന-മരണ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. മേൽവിലാസം തിരുത്തണമെന്നാവശ്യപ്പെട്ട് ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നില്ല.

**ഇടക്കൊച്ചി-വില്ലിംഗ്ടൺ ഐലൻഡ് പാലം നിർമ്മാണം**

154 (1624) ശ്രീ. സി. എം. ദിനേശ് മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നഗരസഭയിൽ ജൻറം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇടക്കൊച്ചി-വില്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പാലത്തിന്റെ ഡി.പി.ആർ.-ന് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(സി) പാലംനിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൊച്ചി നഗരസഭയിലെ ജന്റം പദ്ധതിയിലെ അംഗീകരിക്കപ്പെട്ട പ്രോജക്ടുകളിൽ ഇടക്കൊച്ചി വില്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ഉൾപ്പെടുത്തിയിട്ടില്ല.

(ബി&സി) ബാധകമല്ല.

**ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് അനുമതി**

155 (1625) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്ത് സെന്റിൽക്കുടുതൽ ഭൂമി ഇല്ലാത്തവർക്ക് വീട് വെയ്ക്കുന്നതിനുവേണ്ടി പത്ത് വർഷത്തോളം നിലമല്ലാതെ കിടക്കുന്ന സ്ഥലത്ത്, പ്രത്യേകമായി നിയോഗിച്ച കമ്മിറ്റി പരിശോധിച്ചതിനുശേഷം, വീട് വയ്ക്കുന്നതിന് അനുമതി നൽകാമെന്നുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ ഇപ്രകാരമുള്ള സ്ഥലത്ത് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനുവേണ്ട അനുമതിയും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly